## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 417** **14. 11.2019 -ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനപരമായ വളർച്ചയും അക്കാദമിക നിലവാരവും**

ചോദ്യം

**മറുപടി**

**ശ്രീ.എം. രാജഗോപാലൻ**
**ശ്രീ. എം. സ്വരാജ്**
**ശ്രീ. കെ.വി.അബ്ദുൾ ഖാദർ**
**ശ്രീമതി.വീണാ ജോർജ്ജ്**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി)

എ) ഈ സർക്കാർ നടപ്പാക്കിയ പരിഷ്കാരങ്ങളുടെ ഫലമായി പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ള അടിസ്ഥാനപരമായ വളർച്ചയും അക്കാദമിക നിലവാരവും അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

എ) ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് വഴിയും അക്കാദമിക മികവിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഫലമായും വിദ്യാർത്ഥികളുടെ ആത്മവിശ്വാസവും പഠനഗുണതയും വർദ്ധിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി പരീക്ഷയിൽ 2016 മാർച്ചിൽ വിജയശതമാനം 96.59 ആയിരുന്നത് 2019 മാർച്ചിൽ 98.11 ആയി മാറി. മുഴുവൻ വിഷയങ്ങളിലും എ പ്ലസ്സ് ലഭിച്ച കുട്ടികളുടെ ശതമാനം 4.8 ൽ നിന്നും 2019 മാർച്ചിൽ 8.59 ശതമാനമായും ഏതെങ്കിലും ഒരു വിഷയത്തിൽ എ പ്ലസ്സ് ലഭിച്ചവരുടെ ശതമാനം 72.9 ശതമാനത്തിൽ നിന്നും 79.48 ശതമാനമായും ഉയർന്നു. ഏതെങ്കിലും വിഷയത്തിൽ ഡി പ്ലസ്സ് നേടിയ കുട്ടികളുടെ എണ്ണം 25.91 ശതമാനത്തിൽ നിന്നും 18.01 ശതമാനമായി കുറയുകയും ചെയ്തു.

ഹയർസെക്കന്ററി തലത്തിലും ഈ മാറ്റങ്ങൾ കാണാം. 2016 മാർച്ചിൽ 80.94 ശതമാനം കുട്ടികളാണ് ഉപരിപഠനയോഗ്യത നേടിയതെങ്കിൽ 2019 മാർച്ചിൽ 84.33 ശതമാനമായി മാറി. എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് നേടിയ കുട്ടികളുടെ എണ്ണവും സ്കോളർഷിപ്പ് പരീക്ഷ എഴുതാൻ അർഹരായ കുട്ടികളുടെ എണ്ണവും ഈ കാലഘട്ടത്തിൽ വർദ്ധിച്ചിട്ടുണ്ട്.

ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ നടപ്പിലാക്കിവരുന്ന സമാനതകളില്ലാത്ത അക്കാദമിക വികസന പ്രവർത്തനങ്ങളുടെ ഫലമായി ദേശീയ തലത്തിൽ ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആദ്യത്തെ 2 വർഷത്തെ പ്രവർത്തനങ്ങൾ കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിച്ചതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. 2019 സെപ്റ്റംബർ 30 ന് നീതി ആയോഗ് പുറത്തുവിട്ട സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് എന്ന റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസ രംഗത്തെ മൊത്തം പ്രകടനം കണക്കാക്കി കേരളം ഒന്നാം സ്ഥാനത്താണ്. നമുക്ക് ലഭിച്ച സ്കോർ 82.2% ആണ്. 2016-17 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഈ സ്കോർ നൽകിയിരിക്കുന്നത്. എന്നാൽ ഈ പഠനത്തിൽ അടിസ്ഥാന വർഷമായി പരിഗണിച്ചിരിക്കുന്നത് 2015-16

ആണ്. പ്രസ്തുത വർഷം കേരളത്തിന്റെ സ്കോർ 77.6% ആണ്. അക്കാദമിക കാര്യങ്ങൾക്ക് പരിഗണിച്ചിരിക്കുന്നത് 2017-18 ൽ നടന്ന നാഷണൽ അച്ചീവ്മെന്റ് സർവ്വെ ആണ്.

2017-18 ൽ മാനവവിഭവവികസന മന്ത്രാലയം തയ്യാറാക്കിയ പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് പ്രകാരം 801-850 സ്കോർ കിട്ടിയ മുൻനിരയിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം.

സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്നതിൽ നിന്നും കൂടുതലായി പൊതുവിദ്യാഭ്യാസ രംഗത്തെ വിവിധ മേഖല കളിൽ നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് പ്രത്യേകം വിലയിരുത്തി യിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

സി)

1. പൊതുവിദ്യാലയങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ചും പ്ലാൻ ഫണ്ടുപയോഗിച്ചുമുള്ള മികച്ച ഭൗതിക സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.
2. 8 മുതൽ 12 വരെ ക്ലാസുകളിൽ 4752 സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കി. 9941 പ്രൈമറി സ്കൂളുകളെ ഹൈടെക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
3. ക്ലാസ് റൂം വിനിമയം മികവുറ്റതാക്കാൻ സമഗ്ര പോർട്ടൽ ആവിഷ്കരിച്ചു.
4. അധ്യാപക തസ്തികകൾ എല്ലാം നികത്തി.
5. ആവശ്യാധിഷ്ഠിതമായ മെച്ചപ്പെട്ട അദ്ധ്യാപക പരിശീലനങ്ങൾ നൽകി വരുന്നു.
6. വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ വലിയ തോതിലുള്ള പൊതു സമൂഹ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചു.
7. പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയകുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 5.05 ലക്ഷം വർദ്ധനവ് ഉണ്ടായി.
8. വിവിധ പരീക്ഷകളിലെ വിജയ ശതമാനം മെച്ചപ്പെട്ടു.
9. നീതി ആയോഗിന്റെ 2019 ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന് വിദ്യാഭ്യാസ രംഗത്ത് ഒന്നാം സ്ഥാനം ലഭിച്ചു.

ഡി) ഈ കാലയളവിൽ ഉണ്ടായ നേട്ടങ്ങൾ നിലനിർത്തുവാനും ഹൈടെക് സംവിധാന ങ്ങളുടെ സർവ്വീസ്, റീപ്ലെയ്സ്മെന്റ്, ക്ലാസ് റൂമുകൾ,കെട്ടിടങ്ങൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളുടെ പുനരുദ്ധാരണംഎന്നിവയുമായും തുടർപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഡി) നേട്ടങ്ങൾ നിലനിർത്തുവാനും പരിമിതികൾ മറികടക്കുവാനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ